ഉത്തരം

(എ) ഉണ്ട്.

(ബി) ടീച്ചറി ഓതറൈസേഷൻ ലഭിക്കുന്നതിനായി ബന്ധപ്പെട്ട പ്രിൻസിപ്പൽമാരിൽ നിന്നും അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് അക്കൗണ്ടന്റ് ജനറൽ (എ&ഇ)യുടെ ഓഫീസുമായി ബന്ധപ്പെട്ട് ഈ വിഷയത്തിൽ ഹയർസെക്കണ്ടറി ഡയറക്ടർ മേൽ നടപടി സ്വീകരിച്ചുവരുന്നു.

ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ സമഗ്ര വിദ്യാഭ്യാസ പദ്ധതി

113 (1190) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ വിദ്യാഭ്യാസ വകുപ്പ് മുഖേന നടപ്പിലാക്കുന്ന സമഗ്ര വിദ്യാഭ്യാസ പദ്ധതി പ്രകാരം ഏതൊക്കെ സ്കൂളുകളിൽ പ്രവർത്തനം ആരംഭിക്കുവാൻ കഴിഞ്ഞുവെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത ഓരോ സ്കൂളുകളുടെയും ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനും വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനും ഏറ്റെടുത്ത് നടപ്പിലാക്കിയ പ്രവർത്തനങ്ങളും ആയതിലേക്ക് ചെലവഴിക്കപ്പെട്ട തുകയും എത്രയെന്ന് പ്രത്യേകമായി അറിയിക്കുമോ;

(സി) കൊല്ലം ജില്ലയിൽ പ്രസ്തുത പദ്ധതി വിജയകരമായി നടപ്പിലാക്കിയ നിയോജക മണ്ഡലം ഏതാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ സമഗ്ര വിദ്യാഭ്യാസ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട ആശയ രൂപീകരണം, പ്രോജക്ട് തയ്യാറാക്കൽ, മാനേജ്മെന്റ് പരിശീലന മൊഡ്യൂൾ തയ്യാറാക്കൽ, നിയോജക മണ്ഡലത്തിലെ പ്രൈമറി തലം മുതൽ ഹയർ സെക്കണ്ടറി തലം വരെയുള്ള സ്കൂൾ പ്രഥമാദ്ധ്യാപകർക്ക് സമഗ്ര വിദ്യാഭ്യാസ പദ്ധതി നടത്തിപ്പിനെ സംബന്ധിച്ച മാനേജ്മെന്റ് പരിശീലനം എന്നിവ മാത്രമേ സീമാറ്റ്-കേരളയുടെ നേതൃത്വത്തിൽ നടപ്പിലാക്കിക്കഴിഞ്ഞിട്ടുള്ളൂ. സ്കൂളുകൾ സംബന്ധിച്ച അന്തിമ തീരുമാനമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സീമാറ്റ്-കേരളയുടെ നേതൃത്വത്തിൽ ഓരോ മണ്ഡലത്തിലും പ്രോജക്ട് തയ്യാറാക്കുകയും ആ നിയോജക മണ്ഡലത്തിലെ പ്രൈമറിതലം മുതൽ ഹയർസെക്കണ്ടറിതലം വരെയുള്ള മുഴുവൻ സ്കൂൾ പ്രഥമാദ്ധ്യാപകർക്കും സമഗ്ര വിദ്യാഭ്യാസ പദ്ധതി നടത്തിപ്പിനെ സംബന്ധിച്ച രണ്ട് ദിവസത്തെ മാനേജ്മെന്റ് പരിശീലനവും നൽകിവരുന്നു. എം.എൽ.എ.-മാരുടെ വികസന ഫണ്ട്, ആർ.എം.എസ്.എ./എസ്.എസ്.എ. ഫണ്ട്, സ്പോൺസർഷിപ്പ്, സന്നദ്ധ സംഘടനകൾ എന്നീ ധനസ്രോതസ്സുകൾ വിനിയോഗിച്ചാണ് സമഗ്ര വിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കുന്നത്.

(സി) സമഗ്ര വിദ്യാഭ്യാസ പദ്ധതിയിൽ കൊല്ലം ജില്ലയിൽ നിന്നും ചാത്തന്നൂർ, പത്തനാപുരം എന്നീ അസംബ്ലി നിയോജക മണ്ഡലങ്ങളെ ഉൾപ്പെടുത്തിയിട്ടുണ്ട്. ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ സമഗ്ര വിദ്യാഭ്യാസ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ആശയ രൂപീകരണം, പ്രോജക്ട് തയ്യാറാക്കൽ, മാനേജ്മെന്റ് പരിശീലന മൊഡ്യൂൾ തയ്യാറാക്കൽ, നിയോജക മണ്ഡലത്തിലെ പ്രൈമറിതലം മുതൽ ഹയർ സെക്കണ്ടറിതലം വരെയുള്ള സ്കൂൾ പ്രഥമ അദ്ധ്യാപകർക്ക് സമഗ്ര വിദ്യാഭ്യാസ പദ്ധതി നടത്തിപ്പിനെ സംബന്ധിച്ച മാനേജ്മെന്റ് പരിശീലനം എന്നിവ സീമാറ്റ്-കേരളയുടെ നേതൃത്വത്തിൽ പൂർത്തിയാക്കിക്കഴിഞ്ഞു. പത്തനാപുരം അസംബ്ലി നിയോജക മണ്ഡലത്തിൽ സമഗ്ര വിദ്യാഭ്യാസ പദ്ധതി നടത്തിപ്പ് സംബന്ധിച്ച ആശയ രൂപീകരണം കഴിഞ്ഞ് പ്രോജക്ട് തയ്യാറാക്കിവരുന്നു.

ചുറ്റുമതിൽ ഇല്ലാത്ത സ്കൂളുകൾ

114 (1191) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചുറ്റുമതിൽ ഇല്ലാത്ത എത്ര സർക്കാർ സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട് ;

(ബി) പ്രസ്തുത സ്കൂളുകളുടെ പേര് വിവരങ്ങൾ ജില്ല തിരിച്ച് നൽകുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly